**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2609** **14-09-2023 - ൽ മറുപടിയ്ക്ക്**

**തരൂർ മണ്ഡലത്തിലെ കഴനി പഴമ്പാലക്കോട് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തരൂർ നിയോജക മണ്ഡലത്തിലെ 2016-17- സാമ്പത്തിക വർഷത്തിൽ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി 32.89 കോടി അനുവദിച്ച കഴനി പഴമ്പാലക്കോട് റോഡിന്റെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | 01/11/2016-ലെ GO (Rt) No. 1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കഴനി - പഴമ്പാലക്കോട് റോഡിന് കിഫ്ബി 16/03/2018-ലെ APR-1/310/2018/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 32.89 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. എന്നാൽ കിഫ്ബി മാർഗ്ഗനിർദ്ദേശ പ്രകാരം റോഡിന്റെ ട്രാഫിക് സാന്ദ്രത അനുസരിച്ചുള്ള Right of Way ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി കിഫ്ബി ഫണ്ടിംഗിൽ നിന്നും ഒഴിവാക്കിയതായി പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിരുന്നു. എന്നാൽ 19/10/2022-ന് നടന്ന തരൂർ നിയോജക മണ്ഡലത്തിലെ പദ്ധതികളുടെ അവലോകന യോഗത്തിൽ, ടി പദ്ധതി കിഫ്ബി ഫണ്ടിംഗിൽ നിന്നും ഒഴിവാക്കുന്നതിനോട് ബഹു. എം.എൽ.എ വിയോജിപ്പ് പ്രകടിപ്പിച്ച സാഹചര്യത്തിൽ ട്രാഫിക് റീവാലിഡേഷൻ നടത്തുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് എറണാകുളം Regional Investigation and Quality Control Laboratory (RIQCL) മുഖേന ട്രാഫിക് ഡീറ്റെയിൽസ് ഒരിക്കൽക്കൂടി ശേഖരിക്കുകയും, ആയത് നിർവ്വഹണ ഏജൻസിയായ KRFB തുടർ നടപടികൾക്കായി കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എന്നാൽ റീവാലിഡേറ്റഡ് ട്രാഫിക് പരിഗണിക്കുമ്പോഴും കിഫ്ബി മാനദണ്ഡ പ്രകാരം ആവശ്യമായ Right of Way (13.6 മീറ്റർ) ലഭ്യമല്ലാത്ത സാഹചര്യത്തിൽ, നിർവ്വഹണ ഏജൻസി സമർപ്പിച്ച നിലവിൽ ലഭ്യമായ Right of Way സംബന്ധിച്ച റിപ്പോർട്ടും, 12 മീറ്റർ വീതിയിൽ പ്രവൃത്തി നിർവ്വഹിക്കുന്നതിലേക്കായി ഭൂമി |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റും നിലവിൽ കിഫ്ബി പരിശോധിച്ച് വരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | 01/11/2016-ലെ GO (Rt) No. 1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കഴനി - പഴമ്പാലക്കോട് റോഡിന് കിഫ്ബി 16/03/2018-ലെ APR-1/310/2018/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 32.89 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. എന്നാൽ കിഫ്ബി മാർഗ്ഗനിർദ്ദേശ പ്രകാരം റോഡിന്റെ ട്രാഫിക് സാന്ദ്രത അനുസരിച്ചുള്ള Right of Way ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി കിഫ്ബി ഫണ്ടിംഗിൽ നിന്നും ഒഴിവാക്കിയതായി പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിരുന്നു. എന്നാൽ 19/10/2022-ന് നടന്ന തരൂർ നിയോജക മണ്ഡലത്തിലെ പദ്ധതികളുടെ അവലോകന യോഗത്തിൽ, ടി പദ്ധതി കിഫ്ബി ഫണ്ടിംഗിൽ നിന്നും ഒഴിവാക്കുന്നതിനോട് ബഹു. എം.എൽ.എ വിയോജിപ്പ് പ്രകടിപ്പിച്ച സാഹചര്യത്തിൽ ട്രാഫിക് റീവാലിഡേഷൻ നടത്തുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് എറണാകുളം Regional Investigation and Quality Control Laboratory (RIQCL) മുഖേന ട്രാഫിക് ഡീറ്റെയിൽസ് ഒരിക്കൽക്കൂടി ശേഖരിക്കുകയും, ആയത് നിർവ്വഹണ ഏജൻസിയായ KRFB തുടർ നടപടികൾക്കായി കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എന്നാൽ റീവാലിഡേറ്റഡ് ട്രാഫിക് പരിഗണിക്കുമ്പോഴും കിഫ്ബി മാനദണ്ഡ പ്രകാരം ആവശ്യമായ Right of Way (13.6 മീറ്റർ) ലഭ്യമല്ലാത്ത സാഹചര്യത്തിൽ, നിർവ്വഹണ ഏജൻസി സമർപ്പിച്ച നിലവിൽ ലഭ്യമായ Right of Way സംബന്ധിച്ച റിപ്പോർട്ടും, 12 മീറ്റർ വീതിയിൽ പ്രവൃത്തി നിർവ്വഹിക്കുന്നതിലേക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റും നിലവിൽ കിഫ്ബി പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ